**കേരള സർക്കാർ**

നം.ആർ.സി.2/ 41/ 2018/ തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്,
തിരുവനന്തപുരം, തീയതി, 06/ 10/ 2018

## പരിപത്രം

വിഷയം: ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ - അധിക മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന: 1) 07.03.2018 തീയതിയിലെ 41/ ആർ.സി2/ 2018/ തസ്വഭവ നമ്പർ പരിപത്രം

2) 22750/ 2018 നമ്പർ റിട്ട് പെറ്റീഷനിന്മേൽ ബഹു. ഹൈക്കോടതി 18.09.2018, 03.10.2018 എന്നീ തീയതികളിൽ പുറപ്പെടുവിച്ച ഉത്തരവ്

സംസ്ഥാനത്തൊട്ടാകെ വിവിധ ഏജൻസികളും സംഘടനകളും സ്ഥാപനങ്ങളും രാഷ്ട്രീയപാർട്ടികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി കൂടാതെ പരസ്യ ബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ സ്ഥാപിക്കുന്നതായും ഇവ റോഡിലേക്ക് തള്ളി നിൽക്കുന്നതായും അതുവഴി അപകടങ്ങൾ ഉണ്ടാകുന്നതായും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇത് നിയന്ത്രിക്കുന്നതിന് സൂചന 1 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

ബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ എന്നിവ അനധികൃതമായി സ്ഥാപിക്കുന്നത് തടയുന്നത് സംബന്ധിച്ച് ബഹു.കേരള ഹൈക്കോടതി സൂചന (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് പാലിച്ചുകൊണ്ട്, താഴെപ്പറയുന്ന നിബന്ധനകൾ കർശനമായും നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാരെ ചുമതലപ്പെടുത്തുന്നു.

(1) പരസ്യ ബോർഡുകൾ / ഹോർഡിങ്ങുകൾ / ബാനറുകൾ എന്നിവ സ്ഥാപിക്കുന്ന സംഘടനകൾ/വ്യക്തികൾ/സ്ഥാപനങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ചട്ടപ്രകാരം അനുമതി വാങ്ങിയിട്ടുണ്ടോ എന്ന കാര്യം തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

(2) പരസ്യ ബോർഡുകൾ / ഹോർഡിങ്ങുകൾ / ബാനറുകൾ തുടങ്ങിയവയിൽ ഉൾക്കൊള്ളിക്കുന്ന പരസ്യം/അറിയിപ്പിന്റെ പകർപ്പ് അനുമതി അപേക്ഷയോടൊപ്പം തദ്ദേശസ്വയംഭരണ സെക്രട്ടറി വാങ്ങേണ്ടതാണ്. പ്രകോപനപരമായതും മതവികാരം വ്രണപ്പെടുത്തുന്നതും കൊലപാതകദൃശ്യങ്ങൾ ഉൾപ്പെടെയുള്ള ബീഭത്സമായ രംഗങ്ങൾ ചിത്രീകരിക്കുന്നതുമായ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകരുത്.

(3) യാത്രക്കാർക്കും കാൽനടയാത്രക്കാർക്കും പൊതുജനങ്ങൾക്കും ബുദ്ധിമുട്ട് ഉണ്ടാകാത്ത ഇടങ്ങളിൽ മാത്രമേ പരസ്യ ബോർഡുകൾ / ഹോർഡിങ്ങുകൾ /

ബാനറുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിന് അനുമതി നൽകാൻ പാടുള്ളൂ. നടപ്പാതയിലും നടപ്പാതയ്ക്ക് ഇരുവശവും റോഡുകളുടെ വളവുകളിലും പാലങ്ങളിലും റോഡുകൾക്ക് കുറുകെ ഗതാഗത തടസ്സം ഉണ്ടാക്കുന്നവിധവും ബോർഡുകളും ബാനറുകളും സ്ഥാപിക്കുവാൻ അനുമതി നൽകരുത്. ഇതിന് വിരുദ്ധമായിട്ടുള്ള ബോർഡുകളും ഹോർഡിങ്ങുകളും ബാനറുകളും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർ ഉടനടി നീക്കംചെയ്യേണ്ടതും അത് സ്ഥാപിച്ചവർക്കെതിരെ നിയമപ്രകാരം നടപടി എടുക്കേണ്ടതുമാണ്.

(4) 1994 ലെ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 209 (സി) പ്രകാരം അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ തുടങ്ങിയവ പഞ്ചായത്ത് സെക്രട്ടറിക്ക് നീക്കം ചെയ്യാവുന്നതാണ്. 1994 ലെ മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 275 പ്രകാരം അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ/ ബാനറുകൾ/ഹോർഡിങ്ങുകൾ തുടങ്ങിയവ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി സെക്രട്ടറിക്ക്നീക്കംചെയ്യാവുന്നതാണ്. വ്യക്തികൾ/ സ്ഥാപനങ്ങൾ/ സംഘടനകൾ ചട്ടവിരുദ്ധമായി പരസ്യബോർഡുകൾ/ ബാനറുകൾ/ ഹോർഡിങ്ങുകൾ എന്നിവസ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് നീക്കം ചെയ്യാൻ ആവശ്യമായനടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണ്.

(5) ഉപയോഗം അവസാനിക്കുമ്പോൾ ബോർഡുകൾ നീക്കംചെയ്യേണ്ട ചുമതല ഇവ സ്ഥാപിക്കുന്നതിന് അനുമതി വാങ്ങുന്ന വ്യക്തി/സ്ഥാപനത്തിനായിരിക്കും. തീയതി വച്ചുള്ള പ്രോഗ്രാം ബാനറുകൾക്ക് പ്രോഗ്രാം അവസാനിക്കുന്ന തീയതി ഉപയോഗം അവസാനിക്കുന്ന തീയതിയായും, തീയതി വയ്ക്കാത്ത സ്ഥാപനങ്ങളുടേയും മറ്റും പരസ്യങ്ങൾക്ക് പരമാവധി 60 ദിവസം പിന്നിട്ടുള്ള തീയതി ഉപയോഗം അവസാനിച്ച തീയതിയായും നിശ്ചയിക്കേണ്ടതാണ്. പരസ്യം കൂടുതൽ സമയത്തേയ്ക്ക് നിലനിർത്തണമെങ്കിൽ 60 ദിവസത്തിനുമുമ്പാകെ ഇതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി വാങ്ങേണ്ടതാണ്.

(6) പ്രദർശിപ്പിക്കുന്ന ബോർഡുകൾ, ബാനറുകൾ ഉപയോഗം അവസാനിക്കുന്ന തീയതിക്കു ശേഷം പരമാവധി 7 ദിവസത്തിനുള്ളിൽ സ്ഥാപിച്ചവർ തന്നെ എടുത്തുമാറ്റേണ്ടതാണ്. ഉപയോഗം അവസാനിക്കുന്ന തീയതി കഴിഞ്ഞ് 7 ദിവസത്തിനു ശേഷവും എടുത്തുമാറ്റാത്ത പക്ഷം ടി ബോർഡുകൾ / ബാനറുകൾ / ഹോർഡിംഗുകൾ എന്നിവ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർ എടുത്തുമാറ്റാൻവേണ്ട നടപടി സ്വീകരിക്കേണ്ടതും അതിനുവേണ്ടിവരുന്ന ചെലവ് ബോർഡുകൾ/ബാനറുകൾ/ഹോർഡിംഗുകൾ സ്ഥാപിച്ചവരിൽ നിന്നും ഈടാക്കേണ്ടതും ഇവർക്കെതിരെ ഫൈനുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(7) ഈ സർക്കുലറിൽ പ്രതിപാദിക്കുന്ന വിഷയം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ പ്രചാരണം നൽകേണ്ടതും നോട്ടീസ് ബോർഡിൽ ഈ പരിപത്രത്തിന്റെ പകർപ്പ് പ്രദർശിപ്പിക്കേണ്ടതുമാണ്.

(8) ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള അനധികൃത ബോർഡുകൾ 2018 ഒക്ടോബർ 15 ന് മുമ്പായി നീക്കം ചെയ്യേണ്ടതും ബോർഡുകൾ നീക്കംചെയ്തതത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർ/റീജിയണൽ ഡയറക്ടർക്ക് ഒക്ടോബർ 25 ന് മുമ്പായി റിപ്പോർട്ട് നൽകേണ്ടതുമാണ്. ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർ/ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത്/മുനിസിപ്പാലിറ്റി/നഗരസഭ തലത്തിൽ നടന്ന പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് നഗരകാര്യ ഡയറക്ടർ/പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം ഒക്ടോബർ 30 ന് മുമ്പാകെ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നുവെന്ന് പഞ്ചായത്ത്/നഗരകാര്യ ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്. പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ഡയറക്ടറേറ്റ് തലത്തിൽ ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തേണ്ടതാണ്. സൂചന (2) ലെ ബഹു.ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള എല്ലാ പരസ്യങ്ങളും സമയബന്ധിതമായിതന്നെ നീക്കം ചെയ്യേണ്ടതാണ്.

(9) പരിപത്രത്തിലെ നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ കർശനമായും പാലിക്കണമെന്ന് നിർദ്ദേശിക്കുന്നു. അല്ലാത്തപക്ഷം ബന്ധപ്പെട്ടവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

**കെ. ഗോപാലകൃഷ്ണ ഭട്ട്**
**സ്പെഷ്യൽ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ ( ആമുഖ കത്ത് സഹിതം)
ശ്രീ.ഹരീഷ് വാസുദേവൻ, അമിക്കസ് ക്യൂറി ( ആമുഖ കത്ത് സഹിതം)
സ്റ്റേറ്റ് അറ്റോർണി ( ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം,
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ/ നഗരകാര്യ ഡയറക്ടർ മുഖേന)
അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
സെക്രട്ടറി, ഗതാഗത വകുപ്പ്
സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ